കഴിയില്ല. എം.എൽ.എ.മാരുടെ നിരന്തരമായ അഭ്യർത്ഥന പരിഗണിച്ച് സർക്കാർ വിദ്യാലയങ്ങൾക്ക് സ്കൂൾ ബസ് വാങ്ങുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## നികുതി പിരിവിലെ ഏറ്റക്കുറച്ചിലുകൾ

**150 (495)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദമാക്കാമോ ;

(ബി) ബഡ്ജറ്റ് പാസാക്കിയതിനുശേഷം ഓർഡിനൻസിലൂടെ അധിക നികുതി ചുമത്തുന്നത് ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയായി വിലയിരുത്തുകയുണ്ടായോ ;

(സി) അധിക നികുതി ഏർപ്പെടുത്തിയത് വഴി എത്ര കോടി രൂപ അധികമായി പിരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത് എന്നും, കഴിഞ്ഞ സാമ്പത്തിക വർഷം ചുമത്തിയ അധിക നികുതി ഈ വർഷവും ചുമത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) 2014-15 സാമ്പത്തിക വർഷം വൻകിടക്കാരിൽനിന്നും പിരിഞ്ഞു കിട്ടേണ്ടിയിരുന്ന നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടിയോ ; ഇല്ലെങ്കിൽ എത്ര കോടിരൂപ കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ; ഇത് ധനകാര്യ വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ 42467.49 കോടി രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നത്.

(ബി) ബഡ്ജറ്റ് പാസാക്കിയതിനുശേഷം ഓർഡിനൻസിലൂടെ അധിക നികുതി ചുമത്തുന്നത് ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയായി കരുതുന്നില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ 45428.03 കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം മദ്യത്തിന്മേലും സിഗരറ്റിന്മേലും ചുമത്തിയ അധിക നികുതി ഈ വർഷവും തുടരും.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly